(ബി) കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട് 121 ഉദ്യോഗസ്ഥരുടെ പേരിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 86 പേരെ സർവ്വീസിൽ നിന്ന് മാറ്റി നിർത്തുകയും ചെയ്തിട്ടുണ്ട്.

(സി) കൈക്കൂലി വാങ്ങിയ ആരോപണവുമായി ബന്ധപ്പെട്ട് ശ്രീ. കെ. എം. മാണി (ധനകാര്യ വകുപ്പുമന്ത്രി)- ക്കെതിരെ വി.സി.6/2014/എസ്.ഐ.യു. -I എന്ന കേസ് നിലവിലുണ്ട്. ശ്രീ. കെ. ബാബു (എക്സൈസ് വകുപ്പുമന്ത്രി)-വിനെതിരെ ശ്രീ. ബിജു രമേശ് കോടതിയിൽ നൽകിയ 164 സ്റ്റേറ്റ്മെന്റിൽ കൈക്കൂലി വാങ്ങിയതായി പരാമർശമുണ്ടായിരുന്നു. ഇതിൽ ഒരു പ്രാഥമിക അന്വേഷണം നടന്നുവരുന്നു.

(ഡി) കേസുകൾ ഒന്നുംതന്നെ പിൻവലിച്ചിട്ടില്ല. നിലവിൽ ശ്രീ. അടൂർ പ്രകാശ്, ശ്രീ. പി. ജെ. ജോസഫ്, ശ്രീ. കെ. എം. മാണി എന്നിവർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ട്.

കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസിലർക്കെതിരെയുള്ള വിജിലൻസ് കേസ്സ്

269 (273) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവ്വകലാശാല വൈസ്-ചാൻസിലർ, പ്രൊ.-വൈസ്-ചാൻസിലർ എന്നിവരടക്കം 4 പേർക്കെതിരെ കൃത്യ വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യാൻ തൃശ്ശൂർ വിജിലൻസ് കോടതി വിജിലൻസിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സർവ്വകലാശാലയുടെ ഉന്നതസ്ഥാനത്തിരിക്കുന്ന വൈസ് ചാൻസിലർ, പ്രൊ.-വൈസ്-ചാൻസിലർ എന്നിവർക്കെതിരെയുള്ള ആരോപണം എന്തായിരുന്നു ; ഇത് സംബന്ധിച്ച വിശദാംശം നല്കുമോ ;

(സി) ഏതെല്ലാം വകുപ്പുകൾ ചേർത്താണ് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൃശ്ശൂർ ജില്ലയിലെ പാമ്പാടി നെഹ്റു എഞ്ചിനീയറിംഗ് കോളേജിലെ 23 വിദ്യാർത്ഥികൾക്കുവേണ്ടി, കാലിക്കറ്റ്-യൂണിവേഴ്സിറ്റിയുടെ നിലവിലുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി പുനഃപരീക്ഷ നടത്തിയെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ 14-5-2015-ന് ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. (വി.സി.21/2015/എം.പി.എം.)

(സി) PC Act 13 (1) @ (d) r/w 13 (2)-ഉം IPC 120 (B) 409 പ്രകാരവുമാണ് പ്രഥമവിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly